## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 458** — **27.09.2011 ൽ മറുപടിയ്ക്ക്**

## വനാതിർത്തികളിൽ ജൈവവേലി വച്ച് പിടിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾക്ക് വന്യജീവികളിൽ നിന്നുണ്ടാകുന്ന ശല്യം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനത്ത് വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾക്ക് വന്യജീവികളിൽ നിന്നുണ്ടാകുന്ന ശല്യം തടയുന്നതിന് വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ആന പ്രതിരോധ കിടങ്ങുകൾ കുഴിക്കുക.<br><br>2. സൗരോർജ്ജ കമ്പിവേലികളും വൈദ്യുത കമ്പിവേലികളും നിർമ്മിക്കുക.<br><br>3) കയ്യാലകൾ നിർമ്മിക്കുക.<br><br>4) എലിഫന്റ് സ്കെയറിംഗ് സ്ക്വാഡുകൾ രൂപീകരിക്കുക.<br><br>5)ആദിവാസി വാച്ചർമാരെ നിയോഗിച്ച് ആനകളെ തിരിച്ച് കാട്ടിലേക്ക് പിന്തിരിപ്പിക്കുക.<br><br>6) ചില്ലിപൗഡർ ക്രാക്കർ ടെക്നിക്കിലൂടെ ആനകളെ കാട്ടിലേക്ക് പിന്തിരിപ്പിക്കുക.<br><br>7) ആനകളുടെ സഞ്ചാരപഥം പുന: സ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുക. |

ന്നവരിൽ മറ്റിടങ്ങളിലേക്ക് മാറി താമസി ക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പി ക്കുക.

9) കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

10) വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പുവരു ത്തുന്നതിനും ആവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ട്.

11) കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടി ക്കുവാൻ 5 റാപ്പിഡ് റെസ്പോൺസ് ടീമുകൾ വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി എന്നീ സ്ഥലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർ ത്തനം ആവശ്യമായ മറ്റു മേഖലകളിലേ ക്കും ലഭ്യമാവുന്നതാണ്.

12) വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നി കളെ വെടിവെച്ച് കൊല്ലുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനു മതി നൽകിക്കൊണ്ട് സർക്കാർ ഉത്തര വിറക്കുകയും തുടർന്ന് ചീഫ് വൈൽ ഡ്‌ലൈഫ് വാർഡൻ അതിനുള്ള അധികാരം റെയിഞ്ചാഫീസർമാർക്ക് ഡെലിഗേറ്റ് ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്.

**(ബി)** കാട്ടാനകളുടെയും മറ്റ് വന്യമൃഗങ്ങളുടെയും ശല്യം തടയുന്നതിന് വനാതിർത്തിയിൽ ജൈവവേലി വച്ചു പിടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

**(ബി)** കാട്ടാനകളുടേയും മറ്റു വന്യമൃഗ ങ്ങളുടേയും ശല്യം തടയുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങളായ ആന പ്രതിരോധകിടങ്ങുകൾ കുഴി ക്കുക, വൈദ്യുത കമ്പിവേലികൾ നിർമ്മിക്കുക, ആന പ്രതിരോധ മതിലുകൾ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് വനം വകുപ്പ് നടപ്പിലാക്കിവരുന്നത്. ഇതിനു പുറമെ ചില പ്രദേശങ്ങളിൽ "അഗേവ് " ,

| | | | |
|---|---|---|---|
| | | | "സലാക്ക-സലാ " തുടങ്ങിയ മുൾച്ചെടികൾ വനാതിർത്തിയിൽ പരീക്ഷണാടിസ്ഥാനത്തിൽ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ഉദ്ദേശിക്കുന്നു. |
| (സി) | സംസ്ഥാനത്ത് എല്ലാ വനാതിർത്തിയിലും ഇത്തരം ജൈവവേലി വച്ചു പിടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) | പരീക്ഷണാടിസ്ഥാനത്തിലുള്ള പദ്ധതി ഫലപ്രദമാണെന്ന് കണ്ടാൽ സംസ്ഥാനത്ത് എല്ലാ വനാതിർത്തിയിലും ജൈവവേലി വച്ചു പിടിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**